# പി.കെ.കെ.എസ്.എം.എച്ച്.എസ്.എസ്

## കായംകുളം

ഫോൺ നമ്പർ : 9847358273

e-mail: pkksmhighschool@gmail.com

# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025 – 26

| | |
|---|---|
| വിദ്യാലയത്തിന്റെ പേര് | പി.കെ.കെ.എസ്.എം.<br>എച്ച്.എസ്.എസ്, കായംകുളം |
| ഉപജില്ല | കായംകുളം |
| വിദ്യാഭ്യാസ ജില്ല | മാവേലിക്കര |
| ജില്ല | ആലപ്പുഴ |
| വർഷം | 2025 - 26 |

## ഉള്ളടക്കം


1. ആമുഖം
2. സ്കൂൾ ചരിത്രം
3. സ്കൂൾ മികവിന്റെ കാഴ്ചപ്പാട്
4. നിലവിലെ അവസ്ഥാവിശകലനം
5. പ്രശ്നങ്ങൾ, വെല്ലുവിളികൾ
6. പദ്ധതി രൂപീകരണ പ്രക്രിയ
7. വിഷയമേഖല പ്രവർത്തനങ്ങൾ
8. ഉപസംഹാരം

## ആമുഖം

നവകേരള കർമ്മ പദ്ധതിയുടെ ഭാഗമായി സർക്കാർ നടപ്പിലാക്കുന്ന സമഗ്ര ഗുണമേന്മ പദ്ധതിയിലൂടെ സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങൾ ആക്കി മാറ്റുക എന്നതാണ് സർക്കാർ ലക്ഷ്യമാക്കുന്നത്. പൊതുസമൂഹവും അധ്യാപകരും മാനേജ്മെന്റും രക്ഷിതാക്കളും ഒന്നിച്ചു ചേർന്ന് "വിദ്യാഭ്യാസം കുട്ടികളുടെ അവകാശം" എന്ന കാഴ്ചപ്പാടിന് അനുഗുണമായി വിദ്യാലയത്തിന് സമഗ്രപുരോഗതിയിലേക്ക് നയിക്കുവാൻ ലക്ഷ്യമാക്കി കൊണ്ട്

് പ്രവർത്തിക്കണം. കുട്ടികളുടെ പഠനനിലവാരം ഉയർത്തുന്നതിനോടൊപ്പം തന്നെ കലാപരവും കായികപരവും തൊഴിൽപരവുമായ ഉന്നതിയിൽ എത്തിക്കുന്നതിനുള്ള വികസന പദ്ധതികൾ ആരംഭിച്ചുകഴിഞ്ഞു. വ്യക്തിത്വ വികാസത്തോടൊപ്പം തന്നെ ലഹരി മുക്ത കേരളം എന്ന ലക്ഷ്യം മുൻനിർത്തി വിദ്യാലയങ്ങളിൽ ആരോഗ്യപരമായ അന്തരീക്ഷം സജ്ജമാക്കുക എന്നത് പ്രധാന ലക്ഷ്യമാണ്. അങ്ങനെ സമഗ്ര ഗുണമേന്മയുള്ള ഒരു തലമുറയെ വാർത്തെടുത്ത് സാമൂഹിക പുരോഗതിക്ക് ഉതകുന്ന വിധത്തിൽ ഒരു ഉത്തമ പൗരനാക്കി വിദ്യാർത്ഥിയെ വളർത്തിയെടുക്കുന്നതിനുള്ള ശ്രമമാണ് വിദ്യാലയങ്ങളിൽ നടക്കേണ്ടത്.

# വിദ്യാലയ ചരിത്രം

സാമൂഹ്യ പരിഷ്കർത്താവും വിദ്യാഭ്യാസ പ്രവർത്തകനും കേരളത്തിലെ ധനകാര്യ മന്ത്രിയുമായിരുന്ന അൽഹാജ് പി.കെ.കുഞ്ഞ് സാഹിബിന്റെ നാമധേയത്തിൽ ആലപ്പുഴ ജില്ലയിലെ ചരിത്രപ്രസിദ്ധമായ കായംകുളത്ത് 2000-ാമാണ്ട് ജൂലൈ മാസത്തിൽ ഈ വിദ്യാലയത്തിന്റെ പ്രവർത്തനം ആരംഭിച്ചു. കോളേജിൽ നിന്നും പ്രീഡിഗ്രി വേർപ്പെടുത്തുന്നതിന്റെ ഭാഗമായി ന്യൂ സ്കൂൾ വിഭാഗത്തിലാണ് വിദ്യാലയം ആരംഭിച്ചത്. സാഹിബിന്റെ മകനും കേരള സർവ്വകലാശാല സിൻഡിക്കേറ്റ് അംഗവും സാമൂഹ്യ പ്രവർത്തകനും നാട്ടിലെ സാധാരണ ജനവിഭാഗങ്ങളുടെ വിദ്യാഭ്യാസ പുരോഗതി ഉറപ്പുവരുത്തുന്നതിന് താൻ നേതൃത്വം നൽകിയ വിദ്യാഭ്യാസ സ്ഥാപനങ്ങളെ പ്രയോജനപ്പെടുത്തിയ ശ്രീ.അൽഹാജ് ഹിലാൽ ബാബുവാണ് സ്കൂൾ ഉൾപ്പെടുന്ന ട്രസ്റ്റ് മാനേജർ. ആദ്യവർഷം 8-ാം ക്ലാസും 11-ാം ക്ലാസുമാണ് ഉണ്ടായിരുന്നത്. അടുത്ത വർഷങ്ങളിൽ 9, 10, 11, 12 ക്ലാസ്സുകളും പുതിയ ഡിവിഷനുമായി ഈ വിദ്യാലയം പുരോഗതിയുടെ പാതയിലേക്ക് പ്രവേശിച്ചു. സ്കൂളിന്റെ ആദ്യത്തെ എസ്.എസ്.എൽ.സി പരീക്ഷയിൽ നൂറുമേനി വിജയം നേടുവാൻ കഴിഞ്ഞു. വൈദ്യശാസ്ത്രം, എൻജിനീയറിങ്, അദ്ധ്യാപനം, സിനിമ, ബിസിനസ് തുടങ്ങിയ വിവിധ മേഖലകളിൽ പഠിച്ചിറങ്ങിയ വിദ്യാർത്ഥികൾ ഈ വിദ്യാലയത്തിന്റെ അഭിമാനമായി നില കൊള്ളുന്നു.

# സ്കൂൾ-  മികവിന്റെ കാഴ്ചപ്പാട്

സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രമാക്കി മാറ്റുന്നതിന് അക്കാദമികവും ഭൗതികവുമായ വിശാല വികസനം അത്യാവശ്യമാണ്. ഓരോ വിദ്യാർത്ഥിയെയും വിഷയാധിഷ്ഠിതമായും സർഗ്ഗാത്മകമായും മെച്ചപ്പെടുത്താനുതകുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതാണ്.

എല്ലാ വിദ്യാർത്ഥികൾക്കും മാതൃഭാഷയിൽ പൂർണ്ണ പരിജ്ഞാനം ലഭ്യമാക്കണം. അറിവും ചിന്തയും ഉണർത്തി മികവിലേക്ക് നയിക്കുവാൻ ലൈബ്രറികൾ സജീവമാകണം. ആധുനിക സാങ്കേതിക വിദ്യയുടെ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി ഇ-വായന, ബ്ലോഗ് നിർമ്മാണം എന്നിവ സാഫല്യത്തിൽ എത്തിക്കണം.അതിനായി ഹൈടെക്ക് ലൈബ്രറി ആവശ്യമാണ്. എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനുമുള്ള ശേഷി ഇതിലൂടെ വികസിക്കുന്നു. ആധുനിക സാങ്കേതികവിദ്യയുടെ സാധ്യതകളെ ഇംഗ്ലീഷ് ഭാഷ പരിജ്ഞാനത്തിനായി പ്രയോജനപ്പെടുത്തുന്നതിന് ഇംഗ്ലീഷ് ലാബ് ആവശ്യമാണ്.

എല്ലാ വിദ്യാർത്ഥികളും ചതുഷ്ക്രിയകളിൽ പ്രാവീണ്യം നേടുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ ഗണിത ക്ലബിലൂടെ തയ്യാറാക്കുന്നു. ഗണിത മേള സംഘടിപ്പിക്കുന്നു.

ശാസ്ത്രപരിജ്ഞാനവും ശാസ്ത്രബോധവും വളർത്താൻ ആവശ്യമായ പ്രവർത്തനങ്ങൾ നടത്തുന്നു. ശാസ്ത്ര മാസിക, ശാസ്ത്രപതിപ്പ് എന്നിവ തയ്യാറാക്കുന്നു.

ഓരോ കുട്ടിക്കും കായികാരോഗ്യം ഉറപ്പുവരുത്തുന്നതിനായി കായിക മേഖലയെ മെച്ചപ്പെടുത്തുന്നു. കായികാഭിരുചി മനസ്സിലാക്കി അതനുസരിച്ചുള്ള ഗെയിമുകളിൽ കുട്ടികൾ പങ്കാളികളാകണം.

## നിലവിലെ അവസ്ഥ – വിശകലനം

- വിവിധ മത്സര പരീക്ഷകളിൽ വിദ്യാർത്ഥികളുടെ മികവ് വർദ്ധിപ്പിക്കേണ്ടതാണ്.
- കായിക പരിശീലനത്തിന് കൂടുതൽ ശ്രദ്ധ നൽകേണ്ടിയിരിക്കുന്നു.
- മലയാളം, ഹിന്ദി, ഇംഗ്ലീഷ് എന്നിവയിലുള്ള ആശയവിനിമയ ശേഷി വർദ്ധിപ്പിക്കണം. അതിനായി ലൈബ്രറി ഹൈടെക്ക് ആക്കണം.
- അധ്യാപക പരിശീലനം

# STAFF DETAILS

**HM - ASHA BEEGUM**

**HS SECTION**

| | | | |
|---|---|---|---|
| 1. | REMA.P | MATHEMATICS | SRG CONVENER |
| 2. | NIZAM P.J | SOCIAL SCIENCE | S S CLUB |
| 3. | REKHA.S | NATURAL SCIENCE | LITTLE KITES |
| 4. | REKHA T.R | MALAYALAM | വിദ്യാരംഭം കലാസാഹിത്യ വേദി, ലൈബ്രറി |
| 5. | SREEKUMARI. I | PHYSICAL SCIENCE | SITC |
| 6. | RENJU. I | HINDI | HINDI CLUB |
| 7. | SADATHKHAN .N | MATHEMATICS | MATHS CLUB, HEALTH CLUB |
| 8. | MUHAMMAD SAFEER .K.K | | ARABIC CLUB, |
| 9. | PRAMEELA. I | ENGLISH | ENGLISH CLUB |
| 10. | USHA KAMARI. P | PHYSICAL EDUCATION | LITTLE KITES JUNIOR RED CROSS |

**OFFICE STAFF**

| | | | |
|---|---|---|---|
| 1. | SONIYA. P.S | CLERK | |
| 2. | MINIMOL. E. R | OA | |
| 3. | SUDHEER. H | OA | |

## പ്രശ്നങ്ങൾ , വെല്ലുവിളികൾ

- ഹിന്ദി ഭാഷ കേൾക്കാനും പ്രകടിപ്പിക്കാനും ഉള്ള സൗകര്യങ്ങളുടെ അപര്യാപ്തത..
- അധ്യാപകരുടെ ഭാരിച്ച ഉത്തരവാദിത്വങ്ങൾ മൂലമുള്ള സമയക്കുറവ് .
- കുട്ടികളുടെ താല്പര്യക്കുറവ്.
- ഇംഗ്ലീഷ് ലൈബ്രറി, വായന സാമഗ്രികൾ എന്നിവയുടെ അപര്യാപ്തത.
- ഭാഷ പഠിപ്പിക്കാൻ അനുവദിച്ചിരിക്കുന്ന സമയക്കുറവ്.
- ഇന്റർനെറ്റ് സൗകര്യമുള്ള കൂടുതൽ കമ്പ്യൂട്ടറുകളുടെയും ലാപ്ടോപ്പുകളുടെയും ആവശ്യകത.

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## സോഷ്യൽ സയൻസ് – 2025–26

| SL. NO | പദ്ധതി | ലക്ഷ്യം | പദ്ധതി വിശകലനം/ പ്രവർത്തനം | എസ്റ്റിമേറ്റ് | കാലയളവ് | പ്രവർത്തന ഏജൻസികൾ |
|---|---|---|---|---|---|---|
| 1 | സാമൂഹ്യ പഠന ക്യാമ്പ് | സമൂഹത്തിലെ വൈവിധ്യമാർന്ന ജനവിഭാഗങ്ങളുമായി ഇടപഴകാനും സാമൂഹ്യപ്രവർത്തനത്തിൽ ഏർപ്പെടാനുമുള്ള പദ്ധതി | സ്കൂൾതല ക്യാമ്പ് ജനപ്രതിനിധികൾ, വയോജനങ്ങൾ, പ്രധാന വ്യക്തിത്വങ്ങൾ തുടങ്ങിയവരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ക്യാമ്പ് അഭിമുഖം, സർവ്വേ പ്രവർത്തനങ്ങളിലൂടെ സമൂഹത്തിൽ ഇടപെടാനുള്ള അവസരം ലഭിക്കുന്നു. | | ജൂൺ | സാമൂഹിക ശാസ്ത്ര ക്ലബ്ബ് പിടിഎ, എം പി ടി എ, പൂർവ വിദ്യാർത്ഥികൾ |
| 2 | പ്രാദേശിക വിഭവ ഭൂപട നിർമ്മാണം/ മാപ്പിങ്ങ് | പ്രാദേശിക വിഭവങ്ങളെ കണ്ടെത്തുക. ഭൂപട നിർമ്മാണത്തിൽ കുട്ടികളെ പ്രാപ്തരാക്കുന്നു | പഠനപ്രവർത്ത പ്രവർത്തനത്തിന്റെ ഭാഗമായി കുട്ടികൾ വിഭവ ശേഖരണം നടത്തുന്നു സർവ്വേ, ഭൂപടം നിർമ്മാണം മാപ്പിങ് പരിചയപ്പെടുത്തൽ അറ്റ്ലസ് പരിശീലനം നൽകൽ | | ഒരു വർഷം | വിദഗ്ധർ, അധ്യാപകർ, പിടിഎ, എം പി ടി എ, ക്ലബ്ബംഗങ്ങൾ |

# അക്കാദമിക് മാസ്റ്റർ പ്ലാൻ
## സോഷ്യൽ സയൻസ് 2025 – 26

| SL. NO. | പദ്ധതി | ലക്ഷ്യം | പദ്ധതി വിശകലനം/ പ്രവർത്തനം | എസ്റ്റിമേറ്റ് | കാലയളവ് | പ്രവർത്തന ഏജൻസികൾ |
|---|---|---|---|---|---|---|
| 3 | ചരിത്ര പ്രദർശന ക്യാമ്പ്, ചരിത്ര രചന | സ്വന്തം നാടിനെക്കുറിച്ച് അറിയാൻ | സാമൂഹിക ശാസ്ത്ര ക്ലബ്ബ്, സന്നദ്ധസംഘടനകൾ, സെമിനാർ, ചരിത്ര രചന, പ്രദർശനം | | ജൂലൈ | പിടിഎ, കുട്ടികൾ |
| 4 | ബാല പാർലമെന്റ് | ജനാധിപത്യ രീതികൾ മനസ്സിലാക്കുന്നതിന് | സാമൂഹിക ശാസ്ത്രക്ല ബ്ബിന്റെ നേതൃത്വത്തിൽ സ്കൂൾ പാർലമെന്റ് തെരഞ്ഞെടുപ്പ് സമ്മേളനം | | ആഗസ്റ്റ് | സോഷ്യൽ സയൻസ് ക്ലബ്ബ് |
| 5 | പഠനോപകരണ നിർമ്മാണ ശില്പ ശാല | പഠനപ്രവർത്തന ങ്ങൾക്ക് അനുയോജ്യ മായ പഠനോപകരണ ങ്ങളുടെ നിർമ്മാണം പഠനം രസകരമാക്കൽ | വിദഗ്ധരായ റിസോഴ്സ് ടീമിന്റെ സഹായത്താൽ സ്കൂൾ തലത്തിൽ പഠ നോപകരണ ശില്പശാല സംഘടിപ്പിച്ച്പഠനോപകര ണങ്ങൾ നിർമ്മിക്കുന്നു. | | സെപ്റ്റംബർ | പൂർവ്വ വിദ്യാർത്ഥികൾ, ക്ലബ്ബ് അംഗങ്ങൾ |
| 6 | കളിക്കൂട്ടം, ഐ.ടി, സാമൂഹിക ശാസ്ത്ര ക്ലബ്ബ് | സാമൂഹിക ശാസ്ത്ര പഠന ഇൻഫർമേഷൻ ടെക്നോളജിയിലൂടെ ഫലപ്രദമാക്കുന്നു. | | | 1 വർഷം | സോഷ്യൽ സയൻസ് ക്ലബ്ബ് അംഗങ്ങൾ ഐ.ടി ക്ലബ്ബ് |

# ENGLISH - ACADEMIC MASTER PLAN 2025-26

| SL. NO. | AIM | ACTIVITIES | PERIOD | RESPONSIBILITY | FINANCIAL ANALYSIS |
|---|---|---|---|---|---|
| 1 | To enable Students to communicate Confidently in English | Spoken English Class<br>English Library renovation<br>English Cartoon Show<br>English Assembly. | Vacation/ Saturdays | PTA, Teachers | PTA, Management |
| 2 | To provide opportunities for expressions in English | For the preparation of Profile & Script a few Scenes of English movies are showed.<br><br>Role play, observance of Enghish day, Seminar discussions, Poems of English poets are selected and prepared Choreography and performed on club based.<br>Letter Card, word card & Cards for Sentence Construction. | Class room activities | English Teachers | PTA, English Club |
| 3 | Prepare Students for independent reading & writing | Picture reading, Short Story writing, news paper reading, vocabulary enrichment Preparation of news from dailies, News reading in assembly. News reading competitions. | Class room activities | PTA, SRG | English Club |
| 4 | Dramatization | English assembly, Skit, Scenes from the lessons are selected and presented through Skit & story telling | Saturdays/ Camp | English Club | Parents |

# ENGLISH - ACADEMIC MASTER PLAN 2025-26

| SL. NO. | AIM | ACTIVITIES | PERIOD | RESPONSIBILITY | FINANCIAL ANALYSIS |
|---|---|---|---|---|---|
| 5 | Prepare students for poetry recitation and poetry writing | Opportunity to listen English Audio. | Class room activities | Teachers, PTA | English Club |
| | | Conducting Poetry writing and preparing appreciation notes. | Vacation/ Saturdays | SRG | |
| | | Utilizing opportunities for communication and discussion with renowned poets. | | | PTA, Management |
| | | Book Reviews, Exhibition of works. | Twice a year | English Teachers | |
| 6 | Make use of technological possibilities for English language development. | Conducting interviews & video Conference with popular writers, critics & personalities in various realms. | Vacation (Onam, Christmas) | Teachers, PTA SRG | PTA, SRG Management |
| | | Opportunity to watch English fest & film. | | | |
| | | | Vacation/ Saturdays | English Club | PTA |
| 7 | Organised Debates. | Create occassions to spend time & discussions with native speakers. Conduct video Conferences with living English poets & writers | Twice a year | Teachers, PTA | English Club |

# അക്കാദമിക് മാസ്റ്റർ പ്ലാൻ
## കെമിസ്ട്രി 2025 – 26

| SL. NO | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ/സാമ്പത്തികം |
|---|---|---|---|---|---|
| 1 | മുൻ ക്ലാസുകളിൽ നേടേണ്ട അടിസ്ഥാന ശേഷി ഉണ്ടെന്ന് ഉറപ്പുവരുത്തുക | ♦ ചോദ്യാവലി<br>♦ പരിഹാര ബോധനത്തിനായി പഠന ഗ്രൂപ്പിംഗ്<br>♦ ആശയധാരണ ഉറപ്പിക്കൽ<br>♦ പിന്നോക്കാവസ്ഥയിലുള്ള കുട്ടികൾക്ക് പഠന പിന്തുണ | ജൂൺ ജൂലൈ | അദ്ധ്യാപിക മുന്നോക്കം നിൽക്കുന്ന കുട്ടികൾ | എസ്.ആർ.ജി |
| 2 | ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘു പരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ ആരംഭിക്കുന്നു.<br>ശാസ്ത്രത്തെ നിത്യ ജീവിതവുമായി ബന്ധിപ്പിക്കുന്നു | ജൂലൈ മുതൽ | ശാസ്ത്രാദ്ധ്യാപകർ, സയൻസ് ക്ലബ്ബ് | |
| 3 | ശാസ്ത്രാവബോധം വളർത്താൻ ശാസ്ത്രത്തെ നിത്യജീവിതവുമായി ബന്ധപ്പെടുത്തുന്നു. | ഫീൽഡ് ട്രിപ്പ് സംഘാടനം | വർഷത്തിൽ 2 | പി.ടി.എ അദ്ധ്യാപകർ | പിടിഎ |
| 4 | ശാസ്ത്രപഠനം രസകരമാക്കാനും ശാസ്ത്രതത്പരത വളർത്താനും | ♦ ശാസ്ത്രദിനാചരണങ്ങൾ<br>♦ സയൻസ് ക്വിസ്<br>♦ ശാസ്ത്രമാസിക പ്രസിദ്ധീകരിക്കൽ | അക്കാദമിക വർഷം | ശാസ്ത്രാദ്ധ്യാപകർ | |

## അക്കാദമിക് മാസ്റ്റർ പ്ലാൻ
## കെമിസ്ട്രി 2025 – 26

| SL. NO | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ/സാമ്പത്തികം |
|---|---|---|---|---|---|
| 5 | ശാസ്ത്രത്തിലെ നൂതനാശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതികവിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക | ♦ ചോദ്യാവലി<br>♦ പരിഹാര ബോധനത്തിനായി പഠന ഗ്രൂപ്പിംഗ്<br>♦ ആശയധാരണ ഉറപ്പിക്കൽ<br>♦ പിന്നോക്കാവസ്ഥയിലുള്ള കുട്ടികൾക്ക് പഠന പിന്തുണ | അക്കാദമിക വർഷം | ശാസ്ത്രാദ്ധ്യാപകർ | |
| 6 | ഹൈടെക്ക് വേൾഡ്: മാനവികതയിൽ ഊന്നിയുള്ള ശാസ്ത്രബോധം വളർത്തുക | ഐസിടിയുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ, ശാസ്ത്ര സത്യങ്ങൾ, ശാസ്ത്രകാരന്മാരുടെ ജീവചരിത്രങ്ങൾ എന്നിവയുടെ വീഡിയോ പ്രദർശനം | അക്കാദമിക വർഷം | ശാസ്ത്രാദ്ധ്യാപകർ | പിടിഎ, മാനേജ്മെന്റ് |
| 7 | ശാസ്ത്ര പ്രതിഭകളെ തിരിച്ചറിഞ്ഞ് രാഷ്ട്രത്തിന് മുതൽക്കൂട്ട് ആക്കി മാറ്റൽ | ♦ പ്രതിഭകൾക്ക് പ്രത്യേക പരിശീലനം<br>♦ എൻ.എം. എം. എസ്, അദർ വേരിയസ് സ്കോളർഷിപ്പ് എന്നിവയ്ക്ക് പരിശീലനം | ഒക്ടോബർ നവംബർ ഡിസംബർ | ശാസ്ത്രാദ്ധ്യാപകർ | പിടിഎ, മാനേജ്മെന്റ് |
| 8 | ഭിന്നശേഷി കുട്ടികൾക്കും പ്രത്യേക പിന്തുണ വേണ്ട കുട്ടികൾക്കും ശാസ്ത്ര അഭിരുചി വളർത്തുക | ♦ ഫീൽഡ് ട്രിപ്പ്<br>♦ ഐ.സി.ടി സാധ്യത<br>♦ പ്രത്യേകം തയ്യാറാക്കിയ വർക്ക്ഷീറ്റ്, മോഡൽസ് നൽകുന്നു. | യഥാസമയം | സയൻസ് ക്ലബ്ബ് | |

## അക്കാദമിക് മാസ്റ്റർ പ്ലാൻ

## ഹിന്ദി- 2025-26

| SL. NO | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ/സാമ്പത്തികം |
|---|---|---|---|---|---|
| 1 | രാഷ്ട്രഭാഷയോടുള്ള അഭിരുചി വർദ്ധിപ്പിക്കുന്നു. | കഥ, വായന എന്നിവയ്ക്ക് അവസരം നൽകുന്നു. | ജൂൺ | ഹിന്ദി അദ്ധ്യാപകർ | |
| 2 | മാതൃഭാഷയെപ്പോലെ ഹിന്ദിയും നിർഭയം കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുക | പാഠഭാഗവുമായി ബന്ധപ്പെട്ട് പ്രസിദ്ധ സാഹിത്യ കാരന്മാരുടെ കഥകൾ ഉൾപ്പെട്ട സിനിമകൾ കാണിയ്ക്കുന്നു. | ജൂലൈ | ഹിന്ദി അദ്ധ്യാപകർ | |
| 3 | വിവർത്തകർ, വാർത്താവായനക്കാർ തുടങ്ങിയ ജോലിക്കായി പ്രാപ്തരാക്കുക | ഹിന്ദി മാതൃഭാഷയായിട്ടുള്ള പ്രദേശങ്ങളിലേക്ക് പഠനയാത്ര സംഘടിപ്പിക്കുക | ആഗസ്റ്റ് | ഹിന്ദി അദ്ധ്യാപകർ | |
| 4 | ഹിന്ദിയിൽ ആശയ വിനിമയം നടത്താൻ കുട്ടികളെ പ്രാപ്തരാക്കുക | ക്ലാസുകളിൽ ഹിന്ദിയിലുള്ള സംഭാഷണം, പ്രസംഗം എന്നിവ സംഘടിപ്പിക്കുക | സെപ്റ്റംബർ | ഹിന്ദി അദ്ധ്യാപകർ | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## കായിക വിദ്യാഭ്യാസം- 2025-26

| SL. NO | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ/സാമ്പത്തികം |
|---|---|---|---|---|---|
| 1 | കായിക വിദ്യാഭ്യാസത്തിന്റെ ആവശ്യകത | Warm up games | 1 മാസം | കായിക അദ്ധ്യാപകർ SKU club | |
| 2 | ശാരീരിക, മാനസിക, സാമൂഹിക, വൈകാരിക ആരോഗ്യം | Minor games, warmup exercise, Recreation games | രണ്ടാഴ്ച | കായിക അദ്ധ്യാപകർ SKU club | |
| 3 | ഗെയിംസിനെക്കുറിച്ച് അറിവ്, സ്പോർട്ട്സ് മീറ്റ്, ഫുട്ബോൾ, ഷട്ടിൽ, ബേസ് ബോൾ | Rules and games regulations<br>Skills<br>Practicing Skills<br>Minor Games<br>ICT Text Book Ball | 2 മാസം | കായിക അദ്ധ്യാപകർ SKU club | |
| 4 | കരുതലിന്റെ സുരക്ഷ നീന്തൽ, ……. | Physical Activities, ICT Chart, Text Bool, Minor games | 1 മാസം | കായിക അദ്ധ്യാപകർ SKU club | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## കായിക വിദ്യാഭ്യാസം- 2025-26

| SL. NO | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ/സാമ്പത്തികം |
|---|---|---|---|---|---|
| 6 | കായിക സംസ്കാരം | Physical Activities,<br>Nutritious Food<br>Inter Personal Relationship<br>Group Activities<br>minor games | 1 മാസം | കായിക<br>അദ്ധ്യാപകർ<br>SKU club | |
| 7 | Personal Development | Minor games,<br>Group Activities<br>Inter Personal Relationship<br>Recreational games | 1 മാസം | കായിക<br>അദ്ധ്യാപകർ<br>SKU club | |
| | | | | | |

## അക്കാദമിക് മാസ്റ്റർ പ്ലാൻ
## അറബിക്- 2025-26

| SL. NO | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ/സാമ്പത്തികം |
|---|---|---|---|---|---|
| 1 | **<u>വായന</u>**<br>കുട്ടികളിൽ വായന പ്രോത്സാഹിപ്പിക്കുക വായനയുടെ ലോകത്തേക്ക് കൈപിടിച്ചുയർത്തി വായനാശീലം വളർത്തുക നല്ല വായനക്കാരൻ ആക്കുക | കുട്ടികളിൽ വായനാശീലം വളർത്തുന്നതിന് പുസ്തകങ്ങൾ ശേഖരിക്കുന്നു കഥകൾ കവിതകൾ ചിത്രകഥകൾ വായന കോർണർ സ്ഥാപിക്കുന്നു അറബിക് വായനയ്ക്ക് ആവശ്യമായ അവസരം ഉണ്ടാക്കുന്നു | 6 മാസം<br>ജൂൺ-<br>നവംബർ | സ്കൂൾ ലൈബ്രറി പുസ്തകങ്ങൾ | എസ്.ആർ.ജി |
| 2 | **<u>എഴുത്ത്</u>**<br>എഴുതാനുള്ള കഴിവ് വികസിപ്പിക്കുക | ക്ലാസ്സ് കൈയെഴുത്ത് മാസികകൾ നിർമ്മിക്കുന്നു ഓരോ ക്ലാസിലും അറബിയിൽ കഥയും കവിതയും മറ്റു വിഭവങ്ങളും ഉൾക്കൊള്ളിച്ച് ക്ലാസ് കൈയെഴുത്ത് മാഗസിനുകൾ കുട്ടികൾ നിർമ്മിക്കുന്നു കുട്ടികളെ കൊണ്ട് പകർത്തെഴുത്ത് | സെപ്റ്റംബർ<br>നവംബർ | | അദ്ധ്യാപകൻ |
| 3 | **<u>അറിവിൽ തിളക്കം</u>**<br>അറബിയിൽ അറിവ് നേടാൻ | ക്വിസ് പ്രോഗ്രാം സംഘടിപ്പിക്കൽ വിജയികളെ കണ്ടെത്തി സമ്മാനം നൽകുന്നു | എല്ലാ<br>മാസങ്ങളിലും | ലാപ്ടോപ്പ് | അദ്ധ്യാപകൻ |

**അക്കാദമിക് മാസ്റ്റർ പ്ലാൻ**

**അറബിക്- 2025 – 26**

| SL.NO. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | പിന്തുണ/സാമ്പത്തികം |
|---|---|---|---|---|---|
| 4 | **പ്രതിഭകളെ കണ്ടെത്തൽ** | പ്രതിഭകളെ കണ്ടെത്തുന്നതിന് മത്സരങ്ങൾ നടത്തുന്നു. അറബി സാഹിത്യോത്സവത്തിന് മുഴുവൻ ഇനങ്ങളിലും പ്രതിഭകളെ കണ്ടെത്തുന്നു | നവംബർ | സ്റ്റേജ് പ്രോഗ്രാമുകൾ പോസ്റ്ററുകൾ നിർമ്മിക്കുന്നു | അദ്ധ്യാപകൻ<br>പി.ടി.എ |
| 5 | **അറബിക് ലാംഗ്വേജ് ലാബ്** | തനതായ അറബി ഭാഷ കേൾക്കുവാനും അനുഭവിക്കുവാനും ഉതകുന്ന വീഡിയോകൾ കാണാനും കേൾക്കാനും സാഹചര്യം ഉണ്ടാക്കുക | ഡിസംബർ | | പി.ടി.എ<br>എസ്.എം.സി |
| 6 | **അറബി ഭാഷയെ കുറിച്ച് കൂടുതൽ അറിയാൻ** | അറബി ഭാഷയെക്കുറിച്ച് കൂടുതൽ മനസ്സിലാക്കുന്നതിന് ആധുനിക സാങ്കേതികവിദ്യ പരമാവധി ഉപയോഗപ്പെടുത്തൽ | | | |

## അക്കാദമിക് മാസ്റ്റർ പ്ലാൻ
## ജീവശാസ്ത്രം- 2025–26

| SL. NO | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ/സാമ്പത്തികം |
|---|---|---|---|---|---|
| 1 | മുൻ ക്ലാസുകളിൽ നേടേണ്ട അടിസ്ഥാന ശേഷികൾ ഉണ്ടെന്ന് ഉറപ്പുവരുത്തുക | വാചിക പരീക്ഷകൾ നടത്തുന്നു<br>പരിഹാര ബോധനത്തിനായി പഠന ഗ്രൂപ്പ്<br>ആശയധാരണ ഉറപ്പിക്കൽ<br>പിന്നാക്ക അവസ്ഥയിലുള്ള പഠന പിന്തുണ | ജൂൺ, ജൂലൈ | അദ്ധ്യാപിക, മുന്നോക്കം നിൽക്കുന്ന കുട്ടികൾ | SRG |
| 2 | അന്യമായി കൊണ്ടിരിക്കുന്ന കാർഷിക സംസ്കൃതിയെ വീണ്ടെടുക്കൽ പ്രകൃതിയെ അടുത്ത അറിയുവാനുള്ള അവസരം ഒരുക്കൽ | സ്കൂൾ വളപ്പിൽ പച്ചക്കറിത്തോട്ടം<br>ഔഷധത്തോട്ടം<br>ശാസ്ത്രീയ നാമം പ്രാദേശിക നാമം വർഗീകരണം മുതലായവ രേഖപ്പെടുത്തൽ വഴി പ്രകൃതി തന്നെ പാഠപുസ്തകം ആയി മാറുന്നു | 1 വർഷം | ശാസ്ത്രാദ്ധ്യാപകർ<br>പരിസ്ഥിതിക ക്ലബ്ബ് | കൃഷി ഭവൻ,<br>കർഷകർ,<br>എസ്.എം.സി,<br>പി.ടി.എ |
| 3 | ശാസ്ത്ര അവബോധം വളർത്താൻ ശാസ്ത്രത്തെ നിത്യജീവിതവുമായി ബന്ധപ്പെടുത്തി ശാസ്ത്രീയ മനോഭാവം ഉള്ളവരാക്കൽ | ഫീൽഡ് ട്രിപ്പ് സംഘാടനം | വർഷത്തിൽ 2 | പി.ടി.എ<br>അദ്ധ്യാപകർ | പി.ടി.എ |
| 4 | ശാസ്ത്ര പഠനം രസകരമാക്കാനും ശാസ്ത്രതൽപരത വളർത്താനും | ♦ ശാസ്ത്ര ദിനാചരണങ്ങൾ<br>♦ ശാസ്ത്ര ക്വിസ്<br>♦ ശാസ്ത്ര മാസിക പ്രസിദ്ധീകരിക്കൽ (കയ്യെഴുത്ത് /പേപ്പർ കട്ടിംഗ്)<br>♦ ചാർട്ട് തയ്യാറാക്കൽ<br>♦ കൊളാഷ് നിർമ്മാണം | അക്കാദമിക വർഷം | ശാസ്ത്രാദ്ധ്യാകർ | പി.ടി.എ<br>എസ്.എം.സി |

# അക്കാദമിക് മാസ്റ്റർ പ്ലാൻ
## ജീവശാസ്ത്രം-   2025 – 26

| SL. NO | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ/സാമ്പത്തികം |
|---|---|---|---|---|---|
| 5 | മാലിന്യമുക്ത ആരോഗ്യ ശുചിത്വ വിദ്യാലയത്തിലൂടെ ആരോഗ്യമുള്ള സമൂഹം | ♦ പരിസര ശുചീകരണം<br>♦ ശുചിത്വ ബോധവൽക്കരണം<br>♦ ആരോഗ്യ ക്ലാസ്<br>♦ കുട്ടികൾക്ക് രക്ഷിതാക്കൾക്ക്<br>♦ ജീവിതശൈലി രോഗങ്ങളുമായി ബന്ധപ്പെട്ട ക്ലാസ്സ് | യഥാസമയം | ഹെൽത്ത് ക്ലബ്ബ് കൺവീനർ<br>ശാസ്ത്രാദ്ധ്യാകർ | ആരോഗ്യവകുപ്പ്<br>ഐ.സി.ഡി.എസ്<br>മുനിസിപ്പാലിറ്റി |
| 6 | സൈബർ സുരക്ഷ, ലഹരി വിമുക്ത വിദ്യാലയത്തിലൂടെ ആരോഗ്യമുള്ള കുട്ടികൾ | ♦ സൈബർ സുരക്ഷാ ക്ലാസ്സ്<br>♦ ലഹരി വിമുക്ത പ്രതിജ്ഞ<br>♦ ലഹരി വിമുക്ത ക്ലാസ്സ്<br>♦ പോസ്റ്റർ കൊളാഷ്<br>♦ ക്വിസ് മത്സരം | യഥാസമയം | ശാസ്ത്രാദ്ധ്യാപിക<br>ടീൻസ് ക്ലബ്ബ് ചുമതലയുള്ള അദ്ധ്യാപിക<br>ഹെൽത്ത് ക്ലബ്ബ് കൺവീനർ | ടീൻസ് ക്ലബ്ബ് ഫണ്ട്<br>ആരോഗ്യവകുപ്പ്<br>പി.ടി.എ |
| 7 | പ്രയാസമേറിയ ശാസ്ത്ര പാഠങ്ങൾ വിനിമയം നടത്താൻ വർക്ക് ഷീറ്റുകൾ തയ്യാറാക്കൽ | ♦ പ്രത്യേക പിന്തുണ വേണ്ടന്ന കുട്ടികൾക്കും ഭിന്നശേഷിക്കാർക്കും പ്രത്യേക വർക്ക് ഷീറ്റ് തയ്യാറാക്കി നൽകുന്നു.<br>♦ സ്വയം/ഗ്രൂപ്പിൽ | യഥാസമയം | എൽ.കെ മിസ്ട്രസ്<br>ശാസ്ത്രാദ്ധ്യാപിക | വിഷയസമിതി |
| 8 | ശാസ്ത്ര പ്രതിഭകളെ തിരിച്ചറിഞ്ഞ് രാഷ്ട്രത്തിന് മുതൽക്കൂട്ട് ആക്കി മാറ്റൽ | ♦ പ്രതിഭകൾക്ക് പ്രത്യേക പരിശീലനം<br>♦ എൻ എം എം എസ്, മറ്റ് സ്കോളർഷിപ്പ്, ടാലന്റ് സേർച്ച് പരീക്ഷകൾക്ക് പരിശീലനം | ഒക്ടോബർ<br>നവംബർ<br>ഡിസംബർ | ശാസ്ത്രാദ്ധ്യാപകർ, മറ്റ് അദ്ധ്യാപകർ | പി.ടി.എ ഫണ്ട് |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## ജീവശാസ്ത്രം- 2025-26

| SL. NO | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ/സാമ്പത്തികം |
|---|---|---|---|---|---|
| 9 | ശാസ്ത്ര പഠനത്തിന് നൂതന സാങ്കേതിക സംവിധാനങ്ങൾ ( ഐസിടി സാധ്യതകൾ) | ടി.ബിയുമായി ബന്ധപ്പെട്ട ചിത്രങ്ങൾ, വീഡിയോ, അനിമേഷൻ എന്നിവ ശേഖരിച്ച് എഡിറ്റ് ചെയ്ത് സ്കൂളിലെ സ്മാർട്ട് സംവിധാനങ്ങളുപയോഗിച്ച് പാഠവിതരണത്തിനും, ആശയവിനിമയത്തിനും ഉപയോഗിക്കൽ | എല്ലായ്പ്പോഴും | ശാസ്ത്രാദ്ധ്യാപിക | SITC<br>JSITC<br>LK MASTER/<br>MISTRESS |

## അക്കാദമിക് മാസ്റ്റർ പ്ലാൻ

## മലയാളം- 2025 - 26

| SL. NO | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | പിന്തുണ/സാമ്പത്തികം |
|---|---|---|---|---|---|
| 1 | ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ | ♦ പ്രീ ടെസ്റ്റ്<br>♦ നിലവാരം കണ്ടെത്തുന്നു.<br>♦ അക്ഷരം, ചിഹ്നങ്ങൾ ഉറപ്പിക്കുന്നു<br>♦ അക്ഷരങ്ങൾ കാർഡുകളിൽ ആക്കുന്നു<br>♦ വാക്കുകൾ നിർമ്മിക്കുന്നു<br>♦ ചിത്ര വായന<br>♦ അടിക്കുറിപ്പ്<br>♦ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് ക്ലാസ് | എല്ലായ്പ്പോഴും | പുസ്തകം<br>ചാർട്ട്<br>ചിത്രങ്ങൾ | പി.ടി.എ<br>അദ്ധ്യാപകർ |
| 2 | വായന മെച്ചപ്പെടുത്തുക | ♦ വായനക്കൂട്ടം രൂപീകരിക്കുന്നു<br>♦ സ്കൂൾ ലൈബ്രറി നവീകരണം<br>♦ ക്ലാസ് ലൈബ്രറി സജ്ജമാക്കൽ<br>♦ റീഡിംഗ് റൂം സജ്ജമാക്കൽ<br>♦ പത്രവായന<br>♦ പുസ്തക ചർച്ച<br>♦ സമീപത്തെ ലൈബ്രറി സന്ദർശനം<br>♦ ദിനാചരണങ്ങൾ<br>♦ വിദ്യാരംഗം പ്രവർത്തനങ്ങൾ<br>♦ ഇ- വായന<br>♦ സ്കൂൾ മാഗസിൻ നിർമ്മാണം<br>♦ ഡിജിറ്റൽ മാഗസിൻ | 5 മാസം | ക്ലാസ് ലൈബ്രറി<br>സ്കൂൾ ലൈബ്രറി<br>പത്രങ്ങൾ<br>ആനുകാലികങ്ങൾ<br>ഇന്റർനെറ്റ്<br>കമ്പ്യൂട്ടർ | പി.ടി.എ<br>അദ്ധ്യാപകർ |

## അക്കാദമിക് മാസ്റ്റർ പ്ലാൻ
## മലയാളം-   2025–26

| SL. NO | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | പിന്തുണ/സാമ്പത്തികം |
|---|---|---|---|---|---|
| 3 | ആത്മവിശ്വാസത്തോടെ സദസ്സിനെ അഭിമുഖീകരിക്കുക | ◆ പ്രസംഗ പരിശീലനം<br>◆ അവതാരക പരിശീലനം<br>◆ തത്സമയ സംപ്രേഷണം<br>◆ റേഡിയോ ജോക്കി<br>◆ വാക്കുകൾ നിർമ്മിക്കുന്നു<br>◆ പാഠഭാഗങ്ങൾ നാടകീകരണം | 6 മാസം | വ്യത്യസ്ത മേഖല-<br>ലൈബ്രറി<br>പുസ്തകങ്ങൾ<br>ഫോട്ടോകൾ<br>വീഡിയോകൾ | ട്രെയിനർ, അദ്ധ്യാപകർ |
| 4 | സർഗ്ഗാത്മക പ്രവർത്തനം | ◆ വ്യത്യസ്ത മേഖലകളിൽ രചനകൾ നിർവ്വഹിക്കുക<br>◆ പുസ്തകം തയ്യാറാക്കുന്നു<br>◆ ലഘുചിത്രം നിർമ്മിക്കുന്നു<br>◆ തിരക്കഥ നിർമ്മാണം<br>◆ പാഠഭാഗങ്ങൾ വിവിധ വ്യവഹാര രൂപങ്ങളിൽ അവതരണം | 2 മാസം | ക്യാമറ | ട്രെയിനർ, അദ്ധ്യാപകർ |

# അക്കാദമിക് മാസ്റ്റർ പ്ലാൻ
## ഗണിതം 2025 – 26

| SL. NO | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ/സാമ്പത്തികം |
|---|---|---|---|---|---|
| 1 | ആശയധാരണ കൈവരിക്കൽ | പ്രീടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കുന്നു | ജൂൺ ആദ്യവാരം | അദ്ധ്യാപിക മുന്നാക്കം നിൽക്കുന്ന കുട്ടികൾ | അദ്ധ്യാപകർ |
| 2 | നിർമ്മിതികളിലെ ശേഷി | ഇൻസ്ട്രമെന്റ് ബോക്സിന്റെ ലഭ്യത | തുടർ പ്രവർത്തനം | അദ്ധ്യാപകർ | അദ്ധ്യാപകർ |
| 3 | ഗണിതത്തെ നിത്യജീവിതവുമായി ബന്ധിപ്പിച്ച് ആശയങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടൽ | ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു | ഒരു ടേമിൽ ഒന്ന് | പി.ടി.എ അദ്ധ്യാപകർ | പിടിഎ |
| 4 | ഗണിത ആശയങ്ങളിൽ നിന്നും ഉടലെടുക്കുന്ന ഗണിത രൂപങ്ങൾ, അളവുകൾ ഇവ പരിചയപ്പെടുന്നു. | ക്ലബ്ബ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. ശില്പശാല നടത്തുന്നു. | വർഷത്തിൽ ഒന്ന് | അദ്ധ്യാപകർ ഗണിത ക്ലബ്ബ് | പിടിഎ |
| 5 | സംഘബോധം ഉണ്ടാക്കൽ | സംഘപഠനം | തുടർ പ്രവർത്തനം | അദ്ധ്യാപകർ ഗ്രൂപ്പ് ലീഡർ | പിടിഎ |

## അക്കാദമിക് മാസ്റ്റർ പ്ലാൻ
## ഗണിതം 2025 – 26

| SL. NO | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ/സാമ്പത്തികം |
|---|---|---|---|---|---|
| 6 | ഗണിതവുമായി ബന്ധപ്പെട്ടുള്ള അടിസ്ഥാനം ഉറപ്പിക്കുന്നു. (ചെറിയ ക്ലാസ് മുതലുള്ളത്) | പ്രവർത്തനങ്ങൾ, ചർച്ചകൾ, പാഠാസൂത്രണം എന്നിവ ഗ്രൂപ്പ് വർക്കിലൂടെ ലക്ഷ്യം കൈവരിക്കുന്നു. | തുടർ പ്രവർത്തനം | അദ്ധ്യാപിക മുന്നാക്കം നിൽക്കുന്ന കുട്ടികൾ | അദ്ധ്യാപകർ |
| 7 | ഗണിത വിഷയത്തിന് കുട്ടികളുടെ മികച്ച ഭാവനകൾ | ഗണിത അസംബ്ലി, സംഘ പ്രവർത്തനങ്ങൾ | തുടർ പ്രവർത്തനം ശനിയാഴ്ചകളിൽ | ഗണിത അദ്ധ്യാപകർ | ഗണിത ക്ലബ്ബ് |
| 8 | ഗണിത മേളകളിൽ ഊർജ്ജസ്വലത കൈവരിക്കൽ | ക്ലബ്ബ് പ്രവർത്തനങ്ങൾ, മത്സരം, മേള എന്നിവയ്ക്ക് പ്രാപ്തരാക്കൽ | മാസത്തിൽ ഒന്ന് | ക്ലബ്ബ് സെക്രട്ടറി അദ്ധ്യാപകർ | പിടിഎ |
| 9 | ഗണിത ലാബ് | ശില്പശാലകളിലൂടെ ലാബിലേക്ക് ആവശ്യമായ പഠനോപകരണങ്ങൾ ശേഖരിക്കൽ | ജൂൺ | ക്ലബ്ബ് സെക്രട്ടറി അദ്ധ്യാപകർ | പിടിഎ |
| 10 | രക്ഷിതാക്കളെ ബോധവൽക്കരിക്കൽ | പി.ടി.എ നടത്തുന്നു | മാസത്തിൽ ഒന്ന് | എച്ച്.എം. അദ്ധ്യാപകർ പി.ടി.എ പ്രസിഡന്റ് | പിടിഎ |

## സ്കൂൾ പ്രവർത്തനങ്ങൾ

സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രമാക്കി മാറ്റുന്നതിന് ജൂൺ 3 മുതൽ 13-ാം തീയതി വരെ വിവിധ പ്രവർത്തനങ്ങളിലൂടെ കുട്ടികൾക്ക് ക്ലാസിലും കാമ്പസിലും സങ്കോചമില്ലാതെ പഠന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള ആത്മവിശ്വാസം ഉണ്ടാക്കി എടുക്കുന്നതിനായി സർക്കാർ ലക്ഷ്യമാക്കുന്നു.

ജൂൺ 3-ാം തീയതി പൊതുകാര്യങ്ങൾ, മയക്കുമരുന്ന്/ലഹരി ഉപയോഗത്തിനെതിരെ കുട്ടികളെ ബോധവൽക്കരിക്കുന്നതിനായി കുറത്തികാട് പോലീസ് സബ് ഇൻസ്പെക്ടർ ശ്രീ.എബി.എം.എസ് ക്ലാസ് എടുത്തു. ലഹരിയുടെ ദൂഷ്യവശങ്ങളെ കുറിച്ച് കുട്ടികൾക്ക് മനസ്സിലാക്കുന്നതിനും അത് ജീവിതത്തിൽ പ്രാവർത്തികമാക്കുന്നതിനും ഈ ക്ലാസ് ഉപകരിച്ചു.

ജൂൺ 4-ാം തീയതി റോഡിലൂടെ സഞ്ചരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, ട്രാഫിക് നിയമങ്ങൾ എന്നിവയെ കുറിച്ചുള്ള ബോധവൽക്കരണ ക്ലാസ് സീനിയർ സിവിൽ പോലീസ് ഓഫീസർ (ട്രാഫിക് എൻഫോഴ്സ്മെന്റ് യൂണിറ്റ് കായംകുളം) സന്തോഷ് സാർ എടുത്തു. യാത്രകളിൽ നാം പാലിക്കേണ്ട നിയമങ്ങളെക്കുറിച്ച് ഈ ക്ലാസ്സിലൂടെ കുട്ടികൾക്ക് അറിവ് ലഭിക്കുകയുണ്ടായി.

ജൂൺ 5 - വ്യക്തി ശുചിത്വം, പരിസര ശുചിത്വം, ഹരിത ക്യാമ്പസ്, പരിസ്ഥിതി ദിനാചരണം എന്നിവയുമായി ബന്ധപ്പെട്ട് സോഷ്യൽ സയൻസ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ മരങ്ങൾ വെച്ചുപിടിപ്പിക്കുകയും അസംബ്ലി നടത്തി കുട്ടികൾക്ക് വേണ്ട നിർദേശങ്ങൾ നൽകുകയും ചെയ്തു.

ജൂൺ 9 - ആരോഗ്യം, വ്യായാമം, കായികക്ഷമത എന്നിവ കുട്ടികളിൽ ഉണ്ടാക്കുന്നതിനുവേണ്ടി ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഇക്ബാൽ ഹസൻ ക്ലാസ്സ് എടുക്കുകയും അവരുടെ സംശയങ്ങൾ ദൂരീകരിക്കുകയും ചെയ്തു.

ജൂൺ 10-ാം തീയതി ഡിജിറ്റൽ അച്ചടക്കം എന്ന വിഷയത്തെ കേന്ദ്രീകരിച്ച് സ്കൂൾ എസ് ഐ ടി സി ആയ ശ്രീമതി.ശ്രീകുമാരി. ഐ കുട്ടികൾക്ക് ക്ലാസ് എടുക്കുകയുണ്ടായി. മിസൈൽ ഉപയോഗത്തിന്റെ ഗുണങ്ങളും ദോഷങ്ങളും കുട്ടികൾക്ക് മനസ്സിലാക്കുവാൻ ഈ ക്ലാസ്സ് ഉപകരിച്ചു.

ജൂൺ 11 -പൊതുമുതൽ സംരക്ഷണം എന്ന വിഷയത്തിൽ സോഷ്യൽ സയൻസ് അധ്യാപകൻ നിസാം പി ജെ ബോധവൽക്കരണ ക്ലാസ് കൈകാര്യം ചെയ്തു.

ജൂൺ 12 -പരസ്പര സഹകരണത്തിന്റെ പ്രാധാന്യം, റാഗിംഗ്, വൈകാരിക നിയന്ത്രണം ഇല്ലായ്മ എന്നിവയെക്കുറിച്ച് മലയാളം അദ്ധ്യാപികയായ ശ്രീമതി രേഖ റ്റി. ആർ ക്ലാസ് എടുത്തു.

ജൂൺ 13 -ാം തീയതി നടത്തിയ ക്രോഡീകരണത്തിൽ നിന്നും കുട്ടികളിൽ ഉണ്ടായ മാറ്റങ്ങൾ വിലയിരുത്താൻ സാധിച്ചു .

## ഉപസംഹാരം

മതനിരപേക്ഷ ജനാധിപത്യ വിദ്യാഭ്യാസത്തെ പരിപോഷിപ്പിക്കുന്നതിലൂടെ നാടിന്റെ സുസ്ഥിരവും ചലനാത്മകവുമായ വികാസമാണ് ദൃശ്യമാക്കുന്നത്. നവകേരള മിഷന്റെ ഭാഗമായുള്ള പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ ഈ ലക്ഷ്യം സാക്ഷാത്കരിക്കാൻ കഴിയും. അതിനായി കേരളത്തിലെ മുഴുവൻ പൊതു വിദ്യാലയങ്ങളും സമഗ്ര ഗുണമേന്മാപദ്ധതിയുടെ ഭാഗമായി ശക്തിപ്പെടുത്തേണ്ടത് അത്യാവശ്യമാണ്. ഓരോ വിദ്യാലയത്തെയും ശാക്തീകരിക്കുന്നതിന് ഭാവനാത്മവും ലക്ഷ്യബോധത്തോടുമുള്ള മാസ്റ്റർ പ്ലാനിലൂടെ സാധിക്കുന്നു. കൃത്യമായ ആസൂത്രണം ശരിയായ ലക്ഷ്യത്തിലേക്കുള്ള പാതയാണ്. അങ്ങനെ നന്മയുള്ളതും ക്രിയാത്മകവുമായ ഒരു സമൂഹത്തെ വാർത്തെടുക്കാൻ ഉപകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.